**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - പാലാ ജില്ലാ ട്രഷറി-കെട്ടിട നിർമ്മാണം-അധിക ജോലി-ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ഇൻഡസ്ട്രീസ്&പി.ഡബ്ല്യൂ-ബി) വകുപ്പ്**

സ.ഉ (സാധാ) നം.4859/2014/ധന. തീയതി,തിരുവനന്തപുരം, 19.06.2014

പരാമർശം- (1) 14/12/2009-ലെ സ.ഉ.(കൈ) നം. 558/09/ധന ഉത്തരവ്

(2) ട്രഷറി ഡയറക്ടറുടെ 13.09.2013-ലെ എ 5/പി.സി/ടി ഐ.ഡി.പി/9658/2013 നമ്പർ കത്ത്

(3) ട്രഷറി ഡയറക്ടറുടെ 07.02.2014 ലെ എ 5/പി.സി/ടി.ഐ ഡി.പി/9658/2013 നമ്പർ കത്ത്

**ഉത്തരവ്**

ട്രഷറി അടിസ്ഥാന സൗകര്യ വികസനം പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടങ്ങളുടെ നിർമ്മാണവും നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണവും ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ് (ഇൻകെൽ) എന്ന സ്ഥാപനത്തെ ഏൽപിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു.

2. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പുതിയ കെട്ടിട നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പാലാ ജില്ലാ ട്രഷറിയിൽ ചുറ്റുമതിൽ, ഗേറ്റ്, പുറത്തുള്ള ഗോവണി, കൗണ്ടറുകൾ, സ്റ്റോറേജ് റൂം വാതിൽ, ഡീസൽ ജനറേറ്റർ എന്നിവ സ്ഥാപിക്കുന്നതിനായി 28,07,340/- (ഇരുപത്തി എട്ട് ലക്ഷത്തി ഏഴായിരത്തി മുന്നൂറ്റി നാൽപത് രൂപ) രൂപയുടെ എസ്റ്റിമേറ്റും, ലിഫ്റ്റ്, ടെറസിൽ റൂഫിംഗ് എന്നിവ സ്ഥാപിക്കുന്നതിനായി 27,23,210/- (ഇരുപത്തി ഏഴ് ലക്ഷത്തി ഇരുപത്തിമൂവായിരത്തി ഇരുന്നൂറ്റിപത്ത് രൂപ) രൂപയുടെ എസ്റ്റിമേറ്റും അംഗീകരിച്ച് ഭരണാനുമതി നൽകണമെന്ന് സൂചന (2), (3) എന്നിവ പ്രകാരം ട്രഷറി ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പാലാ ജില്ലാ ട്രഷറിക്കുവേണ്ടി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെട്ടിടത്തിൽ ചുറ്റുമതിൽ, ഗേറ്റ്, പുറത്തുള്ള ഗോവണി, കൗണ്ടറുകൾ, സ്റ്റോറേജ് റൂം വാതിൽ, ജനറേറ്റർ, ലിഫ്റ്റ്, ടെറസിൽ റൂഫിംഗ് എന്നിവ സ്ഥാപിക്കുന്നതിന് 55,30,550/- (അൻപത്തി അഞ്ച് ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂറ്റി അൻപതു രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതിയും ടി തുക 2054-00-095-96 (പി) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**

**എ. ആർ. അജയകുമാർ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
4. നോഡൽ ഓഫീസർ, ധനകാര്യം
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം